**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6684** **21-03-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | **ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനു കീഴിലുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങൾ ചുവടെ ചേർത്തിട്ടുള്ളവയാണ്:<br><br>1. കായംകുളം കൃഷ്ണപുരം വിനോദ കേന്ദ്രം<br><br>2. ആലപ്പുഴ സീ വ്യൂ പാർക്ക്<br><br>3. ആലപ്പുഴ വിജയ പാർക്ക്<br><br>4. അർത്തുങ്കൽ പാർക്ക്<br><br>5. അരൂക്കുറ്റി ഹൗസ് ബോട്ട് ടെർമിനൽ<br><br>6. തുറവൂർ വേ സൈഡ് അമിനിറ്റി സെന്റർ<br><br>7. തഴപ്പ് പാർക്ക്<br><br>8. അർത്തുങ്കൽ ബീച്ച്<br><br>9. ആലപ്പുഴ ബീച്ച്<br><br>10. മാരാരിക്കുളം ബീച്ച്<br><br>11. വയ്യാങ്കരച്ചിറ (താമരക്കുളം, മാവേലിക്കര)<br><br>12. വട്ടക്കായൽ ഹൗസ് ബോട്ട് റാംപ്** |
| (ബി) | പ്രസ്തുത വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നടത്തിപ്പിനായി താല്പര്യപത്രം ക്ഷണിച്ചുകൊണ്ട് നൽകിയ പത്രപരസ്യത്തിൽ ഏതെല്ലാം സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയെന്ന് വിശദമാക്കാമോ; | (ബി) | **24.02.2023ലെ പത്രപരസ്യത്തിലൂടെ ചുവടെ ചേർക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അഡ്വഞ്ചർ ടൂറിസം പദ്ധതികൾ, അമ്യൂസ്മെന്റ് പർക്ക്, വിനോദ സഞ്ചാര കേന്ദ്രം/അമിനിറ്റി സെന്റർ എന്നിവ നടത്താൻ താൽപര്യപത്രം ക്ഷണിച്ചിരുന്നു:-<br><br>1. വയ്യാങ്കരച്ചിറ (താമരക്കുളം, മാവേലിക്കര)<br><br>2. മണ്ഡപത്തിൻകടവ് (മാവേലിക്കര)** |

| | | | |
|---|---|---|---|
| | | | **3. അർത്തുങ്കൽ ബീച്ച്, ആലപ്പുഴ**<br>**4. ആർത്തുങ്കൽ പാർക്ക്**<br>**5. അരൂക്കുറ്റി ഹൗസ് ബോട്ട് ടെർമിനൽ**<br>**6. ഉറവൂർ വേ സൈഡ് അമിനിറ്റി സെന്റർ** |
| (സി) | പത്രപരസ്യത്തിൽ നൽകിയിരുന്ന അതേ തീയതിയിൽ താല്പര്യപത്രം വാങ്ങുന്നതിനും അനന്തര നടപടികൾ സ്വീകരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | **24.02.2023ലെ പത്രപരസ്യപ്രകാരം താൽപര്യ പത്രം സമർപ്പിക്കാനുള്ള അവസാന തീയതി 10.03.2023 ഉച്ചയ്ക്ക് 12.30 വരെ ആയിരുന്നു. എന്നാൽ നിർദിഷ്ട സമയപരിധിക്കുള്ളിൽ എല്ലാ കേന്ദ്രങ്ങൾക്കും മതിയായ നിലയിൽ താൽപര്യപത്രം ലഭിക്കാത്ത സാഹചര്യത്തിൽ, താൽപര്യപത്ര സമർപ്പണത്തിനുള്ള സമയപരിധി 25.03.2023 ഉച്ചയ്ക്ക് രണ്ടു വരെ ദീർഘിപ്പിച്ചിട്ടുണ്ട്.** |
| (ഡി) | ഏതെങ്കിലും സ്ഥാപനങ്ങളുടെ താല്പര്യപത്രം സമർപ്പിക്കുന്നതിനുള്ള തീയതിയിൽ മാറ്റം വരുത്തിയിരുന്നോയെന്നും അപ്രകാരം മാറ്റം വരുത്തിയ വിവരം പത്രപരസ്യത്തിലൂടെ സംരംഭകരെ അറിയിച്ചിരുന്നോയെന്നും വ്യക്തമാക്കുമോ; | (ഡി) | **വിവിധ കേന്ദ്രങ്ങൾക്കു മതിയായ നിലയിൽ താൽപര്യപത്രം ലഭിക്കാത്ത സാഹചര്യത്തിലാണു സമയപരിധി ദീർഘിപ്പിച്ചത്. ഇതു സംബന്ധിച്ച് വെബ് സൈറ്റിൽ അറിയിപ്പ് പ്രസിദ്ധീകരിച്ചിരുന്നു.** |
| (ഇ) | ഓരോ സ്ഥാപനത്തിനുമായി എത്ര അപേക്ഷകൾ സംരംഭകർ വാങ്ങി; അതിൽ എത്ര അപേക്ഷകൾ തിരികെ നൽകി; വിശദമാക്കാമോ; | (ഇ) | **വയ്യാങ്കരചിറ വിനോദ സഞ്ചാര കേന്ദ്രത്തിനായുള്ള രണ്ട് താൽപര്യപത്ര അപേക്ഷകൾ മാത്രമാണ് വിൽപ്പന നടന്നത്.** |
| (എഫ്) | പരസ്യത്തിൽ ഉൾപ്പെട്ടതും എന്നാൽ താല്പര്യപത്രം നൽകാതിരുന്നതുമായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എഫ്) | **താൽപര്യപത്ര സമർപ്പണ തീയതി ദീർഘിപ്പിച്ച സാഹചര്യത്തിൽ ദർഘാസ് നടപടികൾ പൂർത്തിയായിട്ടില്ല.** |
| (ജി) | താല്പര്യപത്ര സമർപ്പണത്തിന് പങ്കെടുത്ത സ്ഥാപനങ്ങൾ, വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമായിരുന്നു എന്ന് വിശദമാക്കാമോ; ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ പ്രസ്തുത താല്പര്യപത്ര സമർപ്പണത്തിൽ പങ്കെടുത്തിട്ടുണ്ടോ; എങ്കിൽ സഹകരണ സംഘം എന്ന നിലയിൽ എന്തെല്ലാം പരിഗണന പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ? | (ജി) | **താൽപര്യപത്ര സമർപ്പണ തീയതി ദീർഘിപ്പിച്ച സാഹചര്യത്തിൽ ദർഘാസ് നടപടികൾ പൂർത്തിയായിട്ടില്ല.** |

സെക്ഷൻ ഓഫീസർ